ഉത്തരം

(എ) 22.43 കിലോഗ്രാം അരിയാണ് ആളോഹരി ഉല്പാദനം.

(ബി) മരച്ചീനി 87 കിലോഗ്രാം, മധുരക്കിഴങ്ങ് 600 ഗ്രാം, പയറുവർഗ്ഗങ്ങൾ 400 ഗ്രാം.

96 (385) മണ്ഡരി രോഗം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളിൽ മണ്ഡരിരോഗം ബാധിച്ചതുമൂലം തേങ്ങയുടെ വിളവ് എത്ര കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മണ്ഡരി രോഗംമൂലം വിളവ് കുറയുന്നതിനാൽ കേരകർഷകർക്ക് എന്തെങ്കിലും ആശ്വാസ സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കർഷകർക്ക് ധനസഹായം നൽകുന്നതിനും തെങ്ങുകളിൽ മരുന്നു തളിക്കുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന്; എത്ര തുക ആവശ്യപ്പെട്ടു; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മണ്ഡരി പ്രതിരോധിക്കുന്നതിനായി മരുന്നു തളിക്കുവാൻ സഹായം നൽകുന്നുണ്ട്.

(ഡി) ഉണ്ട്. നവംബർ 1999-ൽ കേന്ദ്ര സർക്കാരിനോട് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

97 (386) മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ തെങ്ങിന് പടർന്നുപിടിച്ചിട്ടുള്ള മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ കേരളത്തിൽ ലഭ്യമാണോ;

(ബി) ഇതിനുതകുന്ന ജൈവ കീടനാശിനികളും രാസകീടനാശിനികളും ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ കൃഷി വകുപ്പ് മുഖാന്തിരം കൃഷിഭവനിലൂടെ കർഷകർക്ക് സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly